# ഗവ. ഹയർസെക്കൻഡറി സ്കൂൾ, തൃക്കാവ്, പൊന്നാനി



# (അക്കാദമിക് മാസ്റ്റർ പ്ലാൻ)

ഗവ. ഹയർസെക്കൻഡറി സ്കൂൾ, തൃക്കാവ്, പൊന്നാനി (പി.ഒ.), തിരൂർ വിദ്യാഭ്യാസ ജില്ല, മലപ്പുറം ജില്ല. കേരളം. പിൻ: 679577. ഫോൺ: 04942669580, ഇമെയിൽ: ghsstrikkavup@gmail.com

വെബ്സൈറ്റ്: www.:ghsstrikkavu.blogspot.com

# ആമുഖം

വളരെ പരിതാപകരമായ പഠനാന്തരീക്ഷമുണ്ടായിരുന്ന ഒരു കാലഘട്ടത്തിൽ നിന്നും കേരളത്തിലെ പൊതുവിദ്യാലയങ്ങൾ അതിവേഗം മെച്ചപ്പെട്ട പഠന സാഹചര്യങ്ങൾ സ്വായത്തമാക്കി പുരോഗതിയിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയാണ്. തൃക്കാവ്. ഗവ: ഹയർ സെക്കണ്ടറി സ്കൂളും ഇതേ പാതയിലാണ്. ശരിയായ പഠനാന്തരീക്ഷം ലഭിക്കത്തക്കവിധത്തിലുള്ള പുതിയ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ ഏതാണ്ട് പൂർണ്ണതയിലേയ്ക്ക് എത്തികൊണ്ടിരിക്കുന്നു. അതോടൊപ്പം കുട്ടികൾക്ക് ലഭിക്കുന്ന അറിവിന്റെ മേഖലകളും മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളാണ് സ്കൂൾ ഏറ്റെടുത്തിരിക്കുന്നത്. നിശ്ചിത കാലത്തിൽ നേടിയെടുക്കേണ്ട പഠന നേട്ടങ്ങൾ, മികവുകൾ എന്നിവ നേടിയെടുക്കാൻ ആവിഷ്കരിക്കുന്ന പ്രവർത്തനങ്ങൾക്ക് PTA, SMC, MPTA തുടങ്ങിയ അക്കാദമിക ഘടകങ്ങൾ നൽകുന്ന പിന്തുണയും സഹായവും പ്രോത്സാഹനവും വളരെയധികം പ്രാധാന്യമർഹിക്കുന്നവയാണ്. കൂട്ടായ പ്രവർത്തനത്തിലൂടെ ലക്ഷ്യമിട്ട മികവുകളും നേട്ടങ്ങളും ഉറപ്പായും നേടിയെടുക്കാൻ കഴിയുമെന്ന് ഞങ്ങൾക്ക് വിശ്വാസമുണ്ട്.

## ചരിത്രമറിയാം...

വിദ്യാഭ്യാസപരമായി സ്ത്രീകൾ ഏറെ പിന്നോക്കം നിന്നിരുന്ന ഒരു കാലഘട്ട ത്തിൽ സ്ത്രീകളുടെ ഉന്നമനത്തിനായി 1893-ൽ സ്ഥാപിക്കപ്പെട്ട തൃക്കാവ് ഗേൾസ് സ്കൂളാണ് ഇന്നത്തെ ഗവ: ഹയർ സെക്കണ്ടറി സ്കൂൾ. 132 വർഷം പഴക്കമുള്ള വിദ്യാഭ്യാസസ്ഥാ പനങ്ങളിൽ ഒന്നാണിത്. സമൂഹത്തിലെ ഉന്നതരുടെ കുട്ടികളാണ് അന്നത്തെ വിദ്യാർ ത്ഥികളിൽ ഭൂരിഭാഗവും എന്നാണ് പഴയ സ്കൂൾ രേഖകളിൽനിന്നും അറിയാൻ കഴി യുന്നത്. ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളിൽ പലരും പിന്നീട് സമൂഹത്തിൽ ഉന്നതസ്ഥാനങ്ങളിൽ എത്തിയതായി കാണാം. പിന്നീട് മലബാർ ഡിസ്ട്രിക്ട് ബോർ ഡിന്റെ കീഴിൽ ഹയർ എലിമെന്ററി സ്കൂൾ എന്ന പേരിലും തുടർന്ന് ഗവ. അപ്പർ പ്രൈമറി സ്കൂൾ, തൃക്കാവ് എന്ന പേരിലും അറിയപ്പെട്ടിരുന്ന ഈ സ്ഥാപനം 1980-ൽ അധ്യാപക രക്ഷാകർതൃ സമിതിയുടേയും സ്കൂൾ വെൽഫെയർ കമ്മിറ്റിയുടേയും ശ്ര മഫലമായി ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. പഴയ അപ്പർ പ്രൈമറി സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നതിനാൽ സെഷനൽ സമ്പ്രദായത്തി ലാണ് സ്കൂൾ പ്രവർത്തിച്ചിരുന്നത്. 1997-98 വർഷത്തിൽ സെഷനൽ സമ്പ്രദായം മാറ്റി സാധാരണ രീതിയിൽ പ്രവർത്തിക്കാൻ തുടങ്ങി.

2004-ൽ വിദ്യാലയം ഹയർ സെക്കണ്ടറി സ്കൂൾ ആയി ഉയർത്തപ്പെട്ടു. പൊന്നാനി മുനിസിപ്പാലിറ്റിയിലെ 32-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനം മുനിസിപ്പാ ലിറ്റിയിലെ ഏക സർക്കാർ ഹയർ സെക്കണ്ടറി സ്കൂളാണ്. ഹയർ സെക്കണ്ടറി വിഭാ ഗത്തിൽ സയൻസ്, ഹ്യൂമാനിറ്റീസ്, കൊമേഴ്സ് എന്നീ ബാച്ചുകൾ ഉൾപ്പെടെ പ്രീപ്രൈ മറി മുതൽ 12 വരെ ക്ലാസുകളിൽ ഇവിടെ അധ്യയനം നടന്നുവരുന്നു. സ്ഥല പരിമിതിയുടെ പ്രശ്നം കളിസ്ഥലമുൾപ്പെടെയുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാ ക്കുന്നുണ്ട്. തീരപ്രദേശത്തുള്ള വിദ്യാർത്ഥികൾ വിദ്യാഭ്യാസത്തിന് ആശ്രയിക്കുന്ന ഈ സ്ഥാപനത്തിന് കൂടുതൽ മികച്ച അക്കാദമിക ഭൗതിക സൗകര്യത്തിലേക്ക് ഭാവിയിൽ മുന്നേറേണ്ടതുണ്ട്.

## തൃക്കാവ് സ്കൂൾ-ഇന്ന്

116 സെന്റ് മാത്രം സ്ഥലസൗകര്യമുള്ള ഈ സ്കൂളിൽ 1 മുതൽ 12 വരെ ക്ലാസുകളിലായി 2000-ത്തിലധികം കുട്ടികൾ പഠിക്കുന്നുണ്ട്. ക്ലാസ് മുറികളുടെ അഭാവവും ഒരു സ്കൂൾ ഗ്രൗണ്ട് ഇല്ല എന്ന അവസ്ഥയുമാണ് തൃക്കാവ് സ്കൂളിന്റെ പ്രധാന പ്രശ്നങ്ങളായിരുന്നത്. ക്ലാസ്മുറികളുടെ അപര്യാപ്തത ഇന്ന് ഏറെക്കുറെ പരിഹരിക്കപ്പെട്ടിരിക്കുന്നു. സർക്കാരിന്റെ വികസന പദ്ധതിയിലുൾപ്പെടുത്തി അന്താരാഷ്ട്ര നിലവാരമുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിന് പ്രാഥമിക ഘട്ടത്തിൽ 3 കോടി രൂപ ഈ സ്കൂളിന് അനുവദിച്ചിരുന്നു. കൂടാതെ, MLA ഫണ്ടിൽനിന്നും ബഹു. സ്പീക്കർ ശ്രീ. ശ്രീരാമകൃഷ്ണൻ HSS ക്ലാസ്മുറികളുടെ നിർമ്മാണത്തിനായി 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ടായിരുന്നു. കൂടാതെ HS വിഭാഗത്തിനായി 2 $^{1}/_{2}$ കോടി രൂപ കേന്ദ്ര-സംസ്ഥാന വിഹിതത്തോടുകൂടി പാസാവുകയുണ്ടായി. പ്രസ്തുതകെട്ടിടങ്ങളുടെ പണി അവസാനഘട്ടത്തിലാണ്. അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സ്കൂളിൽ നടപ്പിലാക്കിവരുന്നു.

എല്ലാ പ്രവർത്തനങ്ങൾക്കും പൂർണ്ണപിന്തുണ നൽകികൊണ്ട് PTA, SMC, MPTA തുടങ്ങിയ ഘടകങ്ങൾ വിദ്യാലയത്തോടൊപ്പമുണ്ട്. സ്കൂളിലെ വിവിധ പ്രവർത്തനങ്ങൾക്ക് പൊന്നാനി മുനിസിപ്പാലിറ്റിയിൽ നിന്നുള്ള ശ്രദ്ധയും സഹായവും ലഭിക്കുന്നുണ്ട്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

സ്കൂൾ **SRG, Staff Council** ഇവ ചേർന്ന് ഏകദേശരൂപം നൽകിയ പദ്ധതി **PTA, SMC, MPTA** മുതലായ ഘടകങ്ങളിൽ ചർച്ച ചെയ്ത് ഓരോ മേഖലയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ആണ് ഇവിടെ സമർപ്പിക്കുന്നത്. ഇനിയും ഇതിനുമേൽ കൂടുതൽ ചർച്ചകൾ ആവശ്യമായിട്ടുണ്ട്. **SSK** ജില്ലാ പഞ്ചായത്ത് എന്നീ ഘടകങ്ങളിൽനിന്നും ലഭിക്കുന്ന പഠന നിലവാരമുയർത്താനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് സ്കൂളിൽ നടപ്പിലാക്കുന്നത്. കൂട്ടായ പ്രവർത്തനങ്ങളിലൂടെ സമയബന്ധിതമായി ലക്ഷ്യങ്ങൾ നേടിയെടുക്കാനാകുമെന്ന വിശ്വാസം ഞങ്ങൾക്കുണ്ട്.

## GHSS തൃക്കാവ് -ഭൗതിക മാസ്റ്റർപ്ലാൻ

ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്തവിഹിതമായി $2^1/_2$ കോടി രൂപ അനുവദിക്കുകയുണ്ടായി. ആ തുക ഉപയോഗിച്ചുള്ള ഭൗതികനിർമ്മാണപ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഈ സന്ദർഭത്തിൽ പരിമിതമായ സൗകര്യങ്ങളിലാണെങ്കിൽ പോലും ലൈബ്രറിയും, സയൻസ് ലാബും മെച്ചപ്പെട്ട രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. പ്രീ-പ്രൈമറി തലത്തിലും മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കാൻ  തൃക്കാവ് സ്കൂളിന് സാധിച്ചിട്ടുണ്ട്. സ്കൂളിൽ പ്രവർത്തിക്കുന്ന OSA യുടെ ആഭിമുഖ്യത്തിൽ ശ്രീ ഷമീർ ചെമ്പയിൽ വർണകൂടാരം പദ്ധതിയ്ക്ക് ചുക്കാൻ പിടിച്ചു. കൂടാതെ സ്കൂളിൽ ഒരു കളിസ്ഥലമില്ലെന്ന പരിമിതി മറികടക്കനായും അവരുടെ ഭാഗത്ത് നിന്ന് തീവ്ര ശ്രമങ്ങൾ നടക്കുന്നുണ്ട്.  സ്കൂളിന്റെ ഭൗതികപുരോഗതിയിൽ ഏറെ താല്പര്യമുള്ള ഈ നാട്ടിലെ സന്നദ്ധപ്രവർത്തകരും തീരദേശ പോലീസും സംയുക്തമായി കവചം എന്ന പേരിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ ഒരു വർഷമായി നേതൃത്വം നൽകുന്നു. അതിന്റെ തുടർപ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായ രീതിയിൽ ഈ വർഷവും ആസൂത്രണം ചെയ്തിട്ടുണ്ട്. സമീപത്തുള്ള മറ്റ് വിദ്യാലയങ്ങൾക്കുകൂടി ഈ പദ്ധതി പ്രചോദനമായി തീർന്നിട്ടുണ്ട്.

## GHSS തൃക്കാവ് (19045)
## അക്കാദമിക് മാസ്റ്റർ പ്ലാൻ

പൊന്നാനി, തൃക്കാവ് ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരണവുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങൾ ചുവടെ നൽകുന്നു.

27-3-25ന് സ്കൂൾതല SRG യോഗം ചേർന്നു. സ്കൂൾ നേടിയെടുക്കേണ്ട മികവുകളെ സംബന്ധിച്ച് ഏകദേശ ധാരണയുണ്ടാക്കി.

പിന്നീട് 30-3-25-ന് ചേർന്ന സ്റ്റാഫ് മീറ്റിംഗിൽ ഇതിനെക്കുറിച്ചുള്ള ചർച്ച നടക്കുകയും അദ്ധ്യാപകരുടെ നിർദ്ദേശങ്ങൾ ഉണ്ടാവുകയും ചെയ്തു. ഓരോ വിഷയത്തിനും LP, UP, HS വിഭാഗത്തിനും നേടേണ്ട മികവുകൾ ക്രോഡികരിച്ചതിനുശേഷം 12/5/25-ന് ചേർന്ന SMC, PTA, MPTA സംയുക്ത യോഗത്തിൽ ഇവയെക്കുറിച്ച് ചർച്ച നടത്തി.

'എന്റെ വിദ്യാലയം എന്റെ വീട്' എന്ന പേരിൽ 2025-26 വർഷത്തിൽ ശുചിത്വമുള്ള ഒരു വിദ്യാലയം എന്നതാണ് തൃക്കാവ് സ്കൂൾ വിഭാവന ചെയ്യുന്നത്. അതിനായി ക്ലാസ് മുറികളിലും സ്കൂൾ കോമ്പൗണ്ടിലുമുള്ള ജൈവ-അജൈവ മാലിന്യങ്ങൾ ക്ലാസ് തലത്തിൽ ശേഖരിച്ച് സൂക്ഷിക്കുന്നു. വർഷാവസനം ഏറ്റവും കൂടുതൽ പാഴ്വസ്തുക്കൾ ശേഖരിച്ച ക്ലാസിനെ അഭിനന്ദിക്കുകയും പ്രോത്സാഹനസമ്മാനം നൽകുകയും ചെയ്യുന്നു. ഈ പദ്ധതിയിൽ നിന്നുള്ള സാമ്പത്തിക നേട്ടം ആ ക്ലാസിലെ തന്നെ ഏറ്റവും അർഹതപ്പെട്ട കുട്ടികൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. നിലവിലുള്ള മാലിന്യശേഖരണരീതി കുട്ടികളിൽ ആവശ്യബോധമുണ്ടാക്കുന്ന സാഹചര്യത്തിലാണ് ഇത്തരം ഒരു പദ്ധതിയെക്കുറിച്ച് ആലോചിച്ചത്.

2025-26 വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മറ്റൊരു തനത് പ്രവർത്തനമാണ് 'ച്യൂയിംഗം വിമുക്ത കാംപസ്'. ലഹരി ഉപയോഗത്തിലേക്കുള്ള പ്രാരംഭ പ്രവണതയായിട്ടാണ് കൂടുതൽ കുട്ടികളിലും ച്യൂയിംഗം ഉപയോഗിക്കുന്ന ശീലം കാണുന്നത് എന്നാണ് എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ വിലയിരുത്തൽ. കൂടാതെ ലഹരി ഉപയോഗങ്ങൾക്കുള്ള ഒരു മറയായിട്ടും പലപ്പോഴും കുട്ടികൾ ച്യൂയിംഗം ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിലാണ് ഇങ്ങനെയൊരു പദ്ധതി സ്കൂൾ ഏറ്റെടുക്കാൻ തീരുമാനിച്ചത്. ച്യൂയിംഗവുമായി ബന്ധപ്പെട്ട് ധാരാളം അച്ചടക്ക പ്രശ്നങ്ങളും സ്കൂളിൽ ഉണ്ടാകാറുണ്ട്. അതിനൊരു പരിഹാരവും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

## GHSS തൃക്കാവ് (19045)

### Hitech Class Rooms

തൃക്കാവ് ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ HS വിഭാഗത്തിൽ 10 ഡിവിഷനുകളാണുള്ളത്. സ്ഥലപരിമിതിമൂലം വീർപ്പുമുട്ടുന്ന ഈ സ്കൂളിൽ 6 ക്ലാസുകൾ മാത്രമാണ് സുരക്ഷിതമായി Hitech നിലവാരത്തിലെത്തിക്കാനാവശ്യമായ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടായിരുന്നത്. എന്നാൽ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തോടുകൂടി HI-TECH സംവിധാനങ്ങൾ ഒരുക്കാനുള്ള ക്ലാസ്സുമുറികൾ സജ്ജമായിട്ടുണ്ട്. എന്നാൽ പ്രൊജക്ടറുകളും അനുബന്ധ ഉപകരണങ്ങളും ഇനിയും ലഭ്യമാകേണ്ടതുണ്ട്. നിലവിലെ 6 HI-TECH ക്ലാസുമുറികൾ യു.പി. വിഭാഗത്തിന്  നൽകിയിരിക്കുകയാണ്.

പൊന്നാനി മുനിസിപ്പാലിറ്റിയിൽ നിന്ന് പുതിയ കെട്ടിടത്തിലേയ്ക്ക് ആവശ്യമായ മുഴുവൻ ഫർണീച്ചറുകളും ലഭ്യമാക്കിയിട്ടുണ്ട്. ലൈബ്രറിയും ലാബുകളും കുറേക്കൂടി വിപുലീകരിക്കേണ്ടതുണ്ട്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## സാമൂഹികം

സാമൂഹികമായും സാമ്പത്തികമായും ഏറെ പിന്നോക്കാവസ്ഥയിൽ ജീവിക്കുന്നവരാണ് തൃക്കാവ് ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾ. സ്കൂൾ അച്ചടക്കം പാലിക്കേണ്ടതിന്റെയും പോഷകാഹാരം കഴിക്കേണ്ടതിന്റെയും **Active- parenting** ന്റെ പ്രസക്തിയെക്കുറിച്ചും പലപ്പോഴും രക്ഷിതാക്കൾ പോലും ബോധവാന്മാരാകാറില്ല. അതുകൊണ്ട് ഓരോ സി.പി.ടി.എ.യോടൊപ്പവും **Parenting Class**-കൾ കൂടി നടത്തേണ്ടിയിരിക്കുന്നു. എല്ലാ ദിവസവും കുട്ടികൾ ടൈം ടേബിൾ അനുസരിച്ച് പുസ്തകങ്ങൾ കൊണ്ടുവരുന്നില്ലേ, കൃത്യസമയത്ത് സ്കൂളിലെത്തുന്നില്ലേ, മുഴുവൻ യൂണിഫോമും ധരിച്ചിട്ടുണ്ടോ. ഹൈസ്കൂൾ കുട്ടികൾ ഉച്ചഭക്ഷണം കൊണ്ടുവരുന്നില്ലേ, പുസ്തകങ്ങൾ വൃത്തിയായും ഭംഗിയായും സൂക്ഷിക്കുന്നില്ലേ തുടങ്ങിയ പ്രാഥമിക കാര്യങ്ങൾ ഉറപ്പുവരുത്തുന്ന ഒരു ചെറിയ പദ്ധതിയാണ് **2025-26** വർഷത്തിലെ സാമൂഹിക മാസ്റ്റർ പ്ലാനിൽ ഊന്നൽ നൽകുന്നത്.

അധ്യാപകരും രക്ഷാകർത്താക്കളും വിദ്യാർത്ഥികളുമായുള്ള ബന്ധം കൂടുതൽ ഊഷ്മളമാക്കാനും ഉദ്ദേശിക്കുന്നു. കാരണം ഊഷ്മളമായ വൈകാരിക ബന്ധങ്ങളിൽനിന്നേ മിടുക്കരായ വിദ്യാർത്ഥികളെ സൃഷ്ടിക്കാനാകൂ. അതിനായി ഓരോ കുട്ടിയും അവരുടെ ഒരു വർഷത്തെ ഏറ്റവും ഹൃദ്യമായ കുടുംബമുഹൂർത്തങ്ങൾ മൊബൈലിൽ പകർത്തി സൂക്ഷിക്കുകയും വർഷാവസാനം ഒരു ആൽബമായി സെറ്റ് ചെയ്യുകയും വേണം. ആവശ്യമെങ്കിൽ പ്രിന്റെടുക്കാനോ മറ്റോ ക്ലാസ് ടീച്ചറുടെ സഹായം സ്വീകരിക്കുകയുമാകാം. അതുപോലെ തന്നെ ക്ലാസ് ടീച്ചറും അവരുടെ ക്ലാസിലെ കുട്ടികളുമൊത്തുള്ള മികച്ച നിമിഷങ്ങൾ ക്യാമറയിൽ പകർത്തുകയും വർഷാവസാനം ആൽബമായി സെറ്റു ചെയ്യുകയും വേണം.

## GHSS തൃക്കാവ് (19045)
## ശ്രദ്ധ

3-ാം ക്ലാസിൽ പത്തും 5-ാം ക്ലാസിൽ ഇരുപത്തിഅഞ്ചും 8-ാം ക്ലാസിൽ ഇരുപതും കുട്ടികളാണ് 'ശ്രദ്ധയിൽ' ഉൾപ്പെട്ടിട്ടുള്ളത്. കൂടാതെ ഒൻപതാം ക്ലാസിലെ കുട്ടികൾക്കായി വിജയസ്പർശം, പൊന്നാനി URC യുടെ പ്രോജക്ടായ ഭാഷാമൃതം തുടങ്ങിയ പദ്ധതികൾ കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കുകയുണ്ടായി. കുറേ മാറ്റങ്ങൾ കുട്ടികളിലുണ്ടാക്കാൻ ഈ പദ്ധതികൾ സഹായിച്ചു. എന്നാലും അവയുടെ തുടർപ്രവർത്തനങ്ങൾ ഈ വർഷവും ആസൂത്രണം ചെയ്തിട്ടുണ്ട്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. വാക്കുകളുണ്ടാക്കാം<br>5. വാക്കുകളെ വാക്യങ്ങളാക്കാം. | ഓരോ ദിവസവും 5 മിനിറ്റ് | ജൂൺ- ആഗസ്റ്റ് | അധ്യാപിക | |
| കുട്ടിയെ മികച്ച വായനക്കാര നാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിയ്ക്കൽ<br>3. വായനോത്സവം സംഘടിപ്പിക്കൽ<br>4. പത്രവായന<br>5. പുസ്തകചർച്ച<br>6. വായനാനുഭവം പങ്കു വയ്ക്കൽ<br>7. വായനാക്കുറിപ്പ് പതിപ്പ്<br>8. വിദ്യാരംഗം കലാ സാഹിത്യ വേദി- പ്രവർത്ത നങ്ങൾ<br>9. ദിനാചരണങ്ങൾ<br>10. പ്രാദേശിക കലാകാര ന്മാരുമായുള്ള അഭിമുഖം<br>11. ആനുകാലികങ്ങളുടെ വായനയും ചർച്ചയും | ജൂൺ<br>ജൂൺ<br>മാസത്തിലൊരിക്കൽ<br>ദിവസവും<br>മാസത്തിലൊരിക്കൽ<br>മാസത്തിലൊരിക്കൽ<br>മൂന്ന് മാസത്തിലൊരിക്കൽ<br>പ്രത്യേക ദിവസങ്ങളിൽ<br>വർഷത്തിൽ രണ്ടോ മൂന്നോ തവണ<br>മാസത്തിലൊരിക്കൽ | ജൂൺ<br>ഫെബ്രുവരി | അധ്യാപിക<br>വിദ്യാരംഗം<br>കലാസാഹിത്യ വേദി അംഗങ്ങൾ<br>ക്ലാസ് ലീഡേഴ്സ്<br>പി.ടി.എ.<br>എം.പി.ടി.എ. | |

| | | | | | |
|---|---|---|---|---|---|
| ഭാഷ പ്രകടനശേഷി വർധിപ്പിക്കുക | കവിതാലാപനം<br>കഥ പറയൽ<br>പ്രസംഗം | മാസത്തിലൊരിക്കൽ | | അധ്യാപിക | |
| പഠനം രസകരവും അനുഭവവേദ്യ മാക്കുന്നതിന് | • സാങ്കേതിക വിദ്യയ്ക്ക് ഊന്നൽ നൽകിയുള്ള ഭാഷാപഠനം<br>• പ്രാദേശിക കലാകാരന്മാരുമായുള്ള സംവാദം<br>• നാടിനെയറിയാം<br>• ഡിജിറ്റൽ ഡോക്യുമെന്റേഷൻ | വർഷത്തിൽ ഒന്നോ രണ്ടോ തവണ | | അധ്യാപിക<br>രക്ഷിതാക്കൾ<br>പി.ടി.എ. | |
| കുട്ടിയെ മികച്ച എഴുത്തു കാരനാക്കുക | 1. ദിനാചരണങ്ങൾ<br>2. പഠനപ്രവർത്തനങ്ങൾ<br>3. പ്രാദേശിക കലാകാരന്മാ രുമായുള്ള സംവാദവും ഡോക്യുമെന്റേഷനും<br>4. കൈയ്യെഴുത്തു മാസിക പ്രസിദ്ധീകരണം<br>5. ഡിജിറ്റൽ പതിപ്പ് പ്രകാശനം<br>6. ട്രാവൽ വ്ലോഗുകളുടെ നിർമ്മാണം<br>7. തത്സമയവിവരണം തയ്യാറാക്കൽ<br>8. വ്യക്തിഗത രചനകളും സംഘരചനകളും പ്രോത്സാഹിപ്പിക്കുക. | വർഷത്തിലൊരിക്കൽ<br>വർഷത്തിലൊരിക്കൽ | അധ്യാപിക<br>പി.ടി.എ.<br>എം.പി.ടി.എ<br>എഡിറ്റോറിയൽ ബോർഡ്<br>വിദ്യരംഗം- അംഗങ്ങൾ<br>സ്കൂൾ- ഐടി ഗ്രൂപ്പ് | സാമൂഹ്യശാസ്ത്ര ക്ലബ് | |

# Academic Master Plan- 2025 2026
## English

| Aim | Actvity | Period | A | Expense |
|---|---|---|---|---|
| To improve 'Listening' skill | "Listen UPI"<br>Teacher gives adequate Opportunities to listen<br>* Stories<br>* News reports<br>* Podcasts etc.... and uses techniques like<br>* Dictation<br>* Listen and Repeat.... to ensure praper listening | Once in a week | English Teachers | |
| To improve 'Speaking' Skill | "Speak Out"<br>Teacher includes activities like<br>* Roleplay<br>* Debate<br>* Group discussion<br>and encourages the students to engage in active speaking | Once in a week | English Teachers | |
| To improve 'Reading' Skill and enhance pronounciation | "Read on"<br>Teacher lets the students read English Newspapers, Story books etc... Audio materials can be used for enhancing pronounciation | Once in week | English Teachers | |

| | | | | |
|---|---|---|---|---|
| To improve Writing skill | "Pen It Down"<br>Teacher integrates creative writing activities with the Learning process various dixcources like<br>* Travel Journal<br>* Ad. jingles<br>* Poem<br>* Speech etc<br>can be inluded | Twice in a week | English Teachers | |
| To build Vacabulary | "A Word a Day"<br>Introduce a new word every day and asks them to use them in sentences | Daily | English club | |
| To improve grammer | Teacher incorporate basic grammer elements thorugh learning activities | Once in a week | English Teachers | |
| To make learning delightful | "Hello English"<br>Teacher includes language games to make the learning experience more delightful and enjoyable | Once in a week | English Teachers | |
| To enhance presentation and pderfoming skills | English fest<br>Teacher gets them an opportunity to present and perform their skills and creative abilities confidently infront of others | Twice in an year | Enlgish clu and teachers | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോ പകരണങ്ങൾ | ചുമതല/ പിന്തുണ |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും സംസ്കൃതം ഭാഷാ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കുക | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• അക്ഷരമാല നിർമിക്കൽ<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ-ആഗസ്റ്റ് | അക്ഷരചാർട്ട്<br>പാഠപുസ്തകം<br>ICT | അധ്യാപിക |
| | • ചിത്രങ്ങളുടെ പേര് പറയൽ<br>• ലഘു സംഭാഷണങ്ങൾ (നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ) | ജൂൺ-ജൂലായ് | സംസ്കൃതം കഥ പുസ്തകം<br>ICT | അധ്യാപിക |
| കാണുന്നതും കേൾ ക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരു കൾ സംസ്കൃതത്തിൽ പഠിക്കുക | • ചുറ്റുപാടുമുള്ള വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br>• നിഘണ്ടു നിർമാണം | സെപ്തംബർ-ഒക്ടോബർ<br><br>ഡിസംബർ | സംസ്കൃതം നിഘണ്ടു | അധ്യാപിക |

| | | | | |
|---|---|---|---|---|
| കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടു വരിക | • ഓരോ പിരീയിഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പാരഗ്രാഫ് വായിക്കുക<br>• തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ വായനമൂല സജ്ജമാക്കുക | ജൂൺ-മാർച്ച് | ചെറുകഥ പുസ്തകം പാഠപുസ്തകം | അധ്യാപിക |
| ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർധിപ്പിക്കുക. സഭാകമ്പം നിവാരണം ചെയ്യുക | • സംസ്കൃതത്തിലുള്ള സിനിമകൾ, ഹ്രസ്വചിത്രങ്ങൾ മുതലായവ കാണുന്നതിന് അവസരം നൽകുന്നു<br>• വിവിധ കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവതരണത്തിന് അവസരം നൽകുന്നു<br>• സ്കൂൾ അസംബ്ലിയിൽ സുഭാഷിതം അവതരിപ്പിക്കുക | ജൂൺ- ഒക്ടോബർ<br>ജൂൺ- ഫെബ്രുവരി | ICT | അധ്യാപിക |
| ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ സൃഷ്ടിക്കാനും കഴിവുണ്ടാവുക. | • സംസ്കൃതം ദിനാചരണം വിവിധ പരിപാടികളോട് കൂടി സമുചിതമായ് സംഘടിപ്പിക്കുന്നു | ആഗസ്റ്റ് | | അധ്യാപിക<br>സംസ്കൃതം ക്ലബ്ബ്<br>പ്രധാനാധ്യാപിക |
| | • സംസ്കൃതം മാഗസിൻ നിർമ്മാണം<br>• പാഠഭാഗങ്ങളുമായ് ബന്ധപ്പെട്ട് വിവിധ രംഗാവിഷ്കാരങ്ങൾ (നൃത്താവിഷ്കാരം, നിശ്ചലദൃശ്യം, നാടകം മുതലായവ) | ആഗസ്റ്റ്<br>ഫെബ്രുവരി | | അധ്യാപിക |

| | | | | |
|---|---|---|---|---|
| സംസ്കൃതോത്സവത്തിനും മത്സരപരീക്ഷകൾക്കും തയ്യാറാക്കുക | • തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് പ്രത്യേകം പരിശീലനം നൽകുന്നു.<br>• സ്കോളർഷിപ്പ് പരീക്ഷ, USS, രാമായണം, പ്രശ്നോത്തരി മുതലായ മത്സരപരീക്ഷകൾക്കുള്ള പരിശീലനം നൽകുന്നു | സെപ്തംബർ - ഫെബ്രുവരി | ക്ലാസ് റൂം | അധ്യാപിക |
| പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കാ യുള്ള പ്രവർത്തനം | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമിക്കുന്നു<br>• ഒഴിവു സമയങ്ങളിൽ പ്രത്യേകം ക്ലാസ് നൽകുന്നു<br>• ഗൃഹസന്ദർശനം നടത്തുന്നു | ജൂൺ - മാർച്ച് | | അധ്യാപിക |
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠനനേട്ടങ്ങൾ | • ക്ലബ് രൂപീകരണം<br>• പഠനോപകരണ നിർമ്മാണം<br>• കലങ്ങൾ നിർമ്മാണം<br>• ഗൃഹസന്ദർശനം<br>• പഠനയാത്ര | ജൂൺ<br>ജൂൺ - മാർച്ച് | ക്ലാസ് റൂം | പ്രധാനാധ്യാപിക<br>അധ്യാപിക<br>പിടിഎ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26
## വിഷയം: സാമൂഹ്യശാസ്ത്രം

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ | വിദ്യാലയത്തിലെ സൗകര്യ പ്രദേശമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ | സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | 1 വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 2 | പഠനയാത്രകൾ | സാമൂഹ്യശാസ്ത്ര പ്രാധാന്യ മുള്ള സ്ഥലങ്ങൾ സ്മാരക ങ്ങൾ തുടങ്ങിയവ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളി ലേക്ക് നടത്തുന്ന പഠന യാത്ര | പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | 3 മാസത്തിൽ ഒന്നു വീതം | SRG |
| 3 | സാമൂഹ്യശാസ്ത്ര ലൈബ്രറികോർണർ | അധിക വായനയ്ക്ക് പുസ്ത കങ്ങൾ, അറ്റലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യശാസ്ത്ര വായനകോർണർ ക്രമീ കരിക്കൽ | സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ ലോകത്തേക്ക് പ്രവേശിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ്. |
| 4 | ബുള്ളറ്റിൻ ബോർഡ് | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യ പ്രദമായ സ്ഥലത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും പ്രധാന വാർത്തകൾ പ്രദർശി പ്പിക്കുകയും ചെയ്യൽ | സാമൂഹ്യശാസ്ത്ര അറിവുകൾ അപ്ഡേറ്റ് ചെയ്യൽ | പ്രവർത്തി ദിവസങ്ങളിൽ | സാമൂഹ്യശാസ്ത്ര ക്ലബ് |
| 5 | ഡിബേറ്റ് ക്ലബ്ബ് | സമകാലിക പ്രസക്തി യുള്ള സാമൂഹ്യശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം സെമിനാർ, ഡിബേറ്റ്, പാനൽ സംഘടിപ്പിക്കൽ | ആനുകാലികവിഷത്തെ കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കൽ | മാസത്തിൽ ഒന്നു വീതം | SRG |

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## അടിസ്ഥാനശാസ്ത്രം

| നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | • ശാസ്ത്രവുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ശേഖരിക്കൽ<br>• ചാന്ദ്രദിനം-ക്വിസ്, കൊളാഷ്<br>• ഐ.സി.ടി.യുടെ സഹായത്തോടെ വീഡിയോ പ്രസന്റേഷൻ | ജൂൺ- ആഗസ്റ്റ് | പത്രങ്ങൾ സയൻസ് മാഗസിൻ | കുട്ടികൾ അധ്യാപകർ |
| 2 | ശാസ്ത്രകിറ്റ് | • പാഠപുസ്തകത്തിലെ പരീക്ഷണങ്ങൾ വീട്ടിൽ ചെയ്തുനോക്കൽ<br>• പ്രൊജക്റ്റ് തയ്യാറാക്കൽ<br>• ചുറ്റുപാടിൽനിന്നും ലഭിക്കുന്ന ഉപയോഗശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് പരീക്ഷണം ചെയ്തു നോക്കൽ | സെപ്തംബർ, ഒക്ടോബർ | പാഠപുസ്തകം ഐ.സി.ടി | അധ്യാപകർ കുട്ടികൾ രക്ഷിതാക്കൾ |
| 3 | കുട്ടികളിലെ ശാസ്ത്രനൈപുണ്യം കണ്ടെത്തൽ | • ശാസ്ത്രോപകരണ നിർമ്മാണ പ്രദർശനം<br>• ശാസ്ത്രദിനം, ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം ആചരിക്കുന്നു | നവംബർ- ഫെബ്രുവരി | സയൻസ് മാഗസിൻ ശാസ്ത്ര പുസ്തകങ്ങൾ | അധ്യാപകർ കുട്ടികൾ |
| 4 | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | • ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>• പ്രത്യേകതകൾ മനസ്സിലാക്കാം<br>• വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം. | ജൂൺ - ആഗസ്റ്റ് | | അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| **5** | എല്ലാ കുട്ടികളിലും ശാസ്ത്രീയ മനോഭാവം വളർത്തുന്നതിനും ശാസ്ത്രപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും | • വിവിധ ദിനാചരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, പോസ്റ്റർ രചന ചുവർ പത്രിക, വീഡിയോ പ്രദർശനം, ക്വിസ്, മത്സരങ്ങൾ, സെമിനാറുകൾ തുടങ്ങിയവ | ജൂൺ - മാർച്ച് | | ശാസ്ത്ര അധ്യാപകർ രക്ഷിതാക്കൾ എസ്.ആർ.ജി. |
| **6** | ശാസ്ത്ര ലൈബ്രറി, പുതിയ ശാസ്ത്രവിജ്ഞാനം എല്ലാ കുട്ടികളിലും എത്തിക്കുക | • വിദ്യാർത്ഥികൾ രക്ഷിതാക്കൾ തുടങ്ങിയവരിൽനിന്നും പുസ്തകശേഖരണം, ശാസ്ത്രോത്സവങ്ങൾ-സ്കൂൾ തലം മുതൽ സംസ്ഥാന, ദേശീയതലം വരെ | എല്ലാ ആഴ്ചയിലും മാസത്തിലും | | പി.ടി.എ. |
| **7** | ശലഭോദ്യാനം ജൈവവൈവിധ്യ പാർക്ക്, ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം തുടങ്ങിയവ നിർമിക്കൽ | • ഭിന്ന ശേഷിക്കാരായ കുട്ടികൾക്ക് ദൃശ്യാനുഭവങ്ങളിലൂടെ പ്രകൃതിയുമായി കൂടുതൽ ഇണങ്ങിച്ചേരാൻ കഴിയുന്നു | ജൂൺ - മാർച്ച് | | അധ്യാപകർ രക്ഷിതാക്കൾ കുട്ടികൾ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## ഗണിതം

| നമ്പർ | പ്രോഗ്രാം | ലക്ഷ്യം / പ്രവർത്തനങ്ങൾ | കാലാവധി | ഗുണ ഭോക്തക്കൾ | ചുമതല | ഫണ്ട് |
|---|---|---|---|---|---|---|
| 1 | ഗണിതം ലളിതം | ഗണിതത്തിൽ അടിസ്ഥാനശേഷ കൈവരിക്കൽ<br>**പ്രവർത്തനങ്ങൾ**<br>നമ്പർകാർഡ്, മുത്തുകൾ, മഞ്ചാരിക്കുരു എന്നിവ ഉപയോഗിക്കുന്നു | 2 മാസം | കുട്ടികൾ | ഗണിതാ ധ്യാപകൻ, ഗണിത ക്ലബിലെ കുട്ടികൾ | |
| 2 | ഗണിത ലാബ് | ഗണിതപഠനം എളുപ്പമാക്കാൻ<br>**പ്രവർത്തനങ്ങൾ**<br>ഗണിത പുസ്തകം, ഗണിത രൂപങ്ങൾ, ഗണിത ചാർട്ടുകൾ, ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടൽ | 1 വർഷം | കുട്ടികൾ | ഗണിതാധ്യപകൻ, ഗണിതക്ലബിലെ കുട്ടികൾ | |
| 3 | ഗണിത കേളി | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന വരെ മുന്നിലെത്തിക്കാൻ<br>**പ്രവർത്തനങ്ങൾ**<br>കളി, കവിതകൾ, പാട്ട്, മോഡൽ, നിർമ്മാണം | മാസത്തിൽ ഒരിക്കൽ | കുട്ടികൾ | ഗണിതാധ്യപകൻ, ഗണിതക്ലബിലെ കുട്ടികൾ | |
| 4 | "ഗണിതം മധുരം" - ശിൽപശാല | ഗണിതപഠനം നിർമ്മാണത്തിലൂടെ എളുപ്പമാക്കൽ<br>**പ്രവർത്തനങ്ങൾ**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരുടെ ക്ലാസുകൾ, ശിൽപശാല സംഘടിപ്പിക്കൽ<br>വിവിധ രൂപങ്ങൾ നിർമ്മിക്കൻ തുടങ്ങിയ പ്രവർത്തനം | വർഷ ത്തിലൊരിക്കൾ | കുട്ടികൾ | ഗണിതധ്യാപകൻ | |

| | | | | | | |
|---|---|---|---|---|---|---|
| 5 | ഗണിതം @ IT | • ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു.<br>**<u>പ്രവർത്തനങ്ങൾ</u>**<br>• ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രം പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപോയഗപ്പെടുത്തികൊണ്ട് കുട്ടികളിലേക്ക് എത്തിക്കാനുള്ള പ്രവർത്തനം | മാസത്തിലൊരിക്കലോ പാഠഭാഗങ്ങൾക്കിടയിൽ ആവശ്യാനുസരണം | കുട്ടികൾ | ഗണിതാധ്യാപകൻ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **വായന**<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരനാവുക | · അറബിക് ലൈബ്രറി ശാക്തീകരണം<br>· അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു<br>· പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>· കഥകൾ, കവിതകൾ, ചിത്രകഥകൾ......<br>ഷണങ്ങൾ | 6 മാസം<br>ജൂൺ - നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി.<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| **എഴുത്ത്**<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും.<br>കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും. | സെപ്തംബർ - നവംബർ<br>നവംബർ-ഡിസംബർ | | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ |
| **അറിവിൻ തിളക്കം**<br>അറബിയിൽ അറിവ് നേടുക | മാസാന്ത ക്വിസ് കാർണിവൽ.<br>ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു. അതിൽനിന്ന് ശരിയുത്തരം കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ്<br>ലാപ്ടോപ്പ് | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| **പ്രതിഭകളെ കണ്ടെത്തൽ** | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു<br>അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു | ജൂലായ് - ആഗസ്റ്റ് | സ്റ്റേജ്<br>സൗണ്ട് ബോക്സ്<br>പോസ്റ്ററുകൾ | അധ്യാപകർ<br>അധ്യാപകർ |
| **ദിനാചരണങ്ങൾ**<br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു. | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | നവംബർ | സി.ഡി.<br>കമ്പ്യൂട്ടർ, ടി.വി.<br>പ്രോജക്ടർ | അധ്യാപകർ |
| **ആസ്വാദനം** | ഐ.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | സി.ഡി.<br>കമ്പ്യൂട്ടർ, ടി.വി.<br>പ്രോജക്ടർ | അധ്യാപകർ |
| **അറബിക് ലാംഗ്വേജ് ലാബ്**<br>**അറബി ഫെസ്റ്റ്** | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക | ഡിസംബർ | സി.ഡി.<br>കമ്പ്യൂട്ടർ, ടി.വി.<br>പ്രോജക്ടർ | ബി.ആർ.സി.<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ | അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ-
# ഹിന്ദി

| നമ്പര് | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | • ഭാഷാഭിരുചി<br>• അവസ്ഥാപഠനം<br>• ഭാഷാ ക്ഷമത | • രസകരമായ ലഘുകവിതകൾ, കഥകൾ എന്നിവയുടെ ഓഡിയോ, വീഡിയോ പ്രദർശനങ്ങൾ.<br>• സുരീലി വിഡിയോകളുടെ ക്ലാസ്സ് തല ഉപയോഗം<br>• കുട്ടികളുടെ നിലവാരാനുസൃതമായ ലഘു സിനിമാപ്രദ ർശനങ്ങൾ<br>• വായനാക്കാർഡുകളുടെയും, ചാർട്ടുകളുടെയും ഉപയോഗം<br>• അക്ഷരങ്ങൾ, വാക്കുകൾ എന്നിവ ഉറപ്പിക്കുന്നതിന് സഹായകമായ ഭാഷാകളികൾ, വായനാസാമഗ്രികൾ<br>• അനുഭാവാത്മക പഠനം സാധ്യമാകും വിധത്തിലുള്ള പാഠപുസ്തക വിനിമയം.<br>• വിശേഷശ്രദ്ധ ആവശ്യമുള്ള കുട്ടികൾക്കായുള്ള ക്ലാസ്സ്റൂം അനുരൂപീകരണ പദ്ധതികൾ.<br>• ഗ്രൂപ്പ്തല ചർച്ചകൾ<br>• ICT, AI എന്നിവയിൽ അധിഷ്ഠിതമായ പഠനപിന്തുണ പ്രവർത്തനങ്ങൾ<br>• വികാസപ്രദ വിലയിരുത്തലുകൾ<br>• പഠന വിടവ് പരിഹരിക്കൽ<br>• പാഠഭാഗവുമായി ബന്ധപ്പെടുത്താവുന്ന കല-കായിക-ആരോഗ്യ-തൊഴിൽ ഉദ്ഗ്രഥിത പഠനത്തിന്റെ സാധ്യതകൾ പരിശോധിക്കൽ, ക്ലാസ്സ് തലത്തിൽ നടപ്പിലാക്കൽ.<br>• അക്കാദമിക ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്നതും, പാഠപദ്ധതിക്ക് അനുസൃതവുമായ ദിനാചരണങ്ങളിൽ വിഷയാധിഷ്ഠിതമായ പങ്കുചേരൽ | ജൂൺ<br>-<br>ഓഗസ്റ്റ് | • ഹിന്ദി അധ്യാപകർ<br>• സ്കൂൾതല സമിതികൾ<br>• ഹിന്ദി ക്ലബ്<br>• ഐ.ടി.ക്ലബ്<br>• special educators | • വിദ്യാലയ വികസന സമിതി<br>• പി.ടി.എ.<br>• ബി.ആർ. സി.<br>• മുനിസിപ്പാലിറ്റി | • യു.പി തലത്തിലെ എല്ലാ കുട്ടി കളിലും ഭാഷാഭിരുചി വർധിപ്പി ക്കുക എന്നതാണ് ലക്ഷ്യം<br>• കുട്ടികളുടെ ഭാഷാക്ഷമത, ഭാഷാ നിലവാരം എന്നിവ പരിശോധിച്ച ശേഷം എല്ലാ കുട്ടികളുടെയും എഴുത്തും വായനയും ഉറപ്പിക്കൽ<br>• ഘട്ടം ഘട്ടമായി മാത്രമേ ഈ പ്രവർത്തനങ്ങൾ പൂർത്തിയാ ക്കാൻ സാധിക്കുകയുള്ളു |

| | | | | | | |
|---|---|---|---|---|---|---|
| | • ഭാഷാ വികാസം<br>• ഹിന്ദി വാരാഘോഷം<br>• ഹിന്ദി കലോത്സവമത്സരങ്ങളിലെ പങ്കാളിത്തം | • വർക്ക്ഷീറ്റ് പൂർത്തിയാക്കൽ<br>• വാചിക പരീക്ഷകൾ<br>• ഗൂഗിൾ ഫോം, വാട്സാപ്പ് അധിഷ്ഠിത ചോദ്യാവലികൾ<br>• പാഠാനുബന്ധ ദൃശ്യ-ശ്രവ്യ അവതരണങ്ങൾ, സിനിമാപ്രദർശനങ്ങൾ, ലഘു നാടകങ്ങൾ<br>• അനുഭാവാത്മക പഠനം സാധ്യമാകും വിധത്തിലുള്ള പാഠപുസ്തക വിനിമയം.<br>• വിശേഷശ്രദ്ധ ആവശ്യമുള്ള കുട്ടികൾക്കായുള്ള കളാസ്സ്റൂം അനുരൂപീകരണ പദ്ധതികൾ<br>• ഗ്രൂപ്പ്തല ചർച്ചകൾ<br>• ICT, AI എന്നിവയിൽ അധിഷ്ഠിതമായ പഠനപിന്തുണ പ്രവർത്തനങ്ങൾ<br>• വികാസപ്രദ വിലയിരുത്തലുകൾ<br>• പഠന വിടവ് പരിഹരിക്കൽ<br>• പാഠഭാഗവുമായി ബന്ധപ്പെടുത്താവുന്ന കല-കായിക-ആരോഗ്യ-തൊഴിൽ ഉദ്ഗ്രഥിത പഠനത്തിന്റെ സാധ്യതകൾ പരിശോധിക്കൽ, ക്ലാസ്സ് തലത്തിൽ നടപ്പിലാക്കൽ<br>• ഹിന്ദിപക്ഷാചരണം സംഘടിപ്പിക്കൽ, എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തൽ<br>• കലോത്സവ സംബന്ധിയായ രചനാ മത്സരങ്ങൾ, പ്രസംഗം, കവിതാലാപനം എന്നിവയിൽ കുട്ടികൾക്ക് ആവശ്യമായ പിന്തുണ നല്കുക,അഭിരുചി വര്ദ്ധിപ്പിക്കുക.<br>• അകാദമിക ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്നതും, പാഠപദ്ധതിക്ക് അനുസൃതവുമായ ദിനാചരണങ്ങളിൽ വിഷയാധിഷ്ഠിതമായ പങ്കുചേരൽ | സെപ്റ്റംബർ<br>-<br>നവംബർ | • ഹിന്ദി അധ്യാപകർ<br>• സ്കൂൾതല സമിതികൾ<br>• ഹിന്ദി ക്ലബ്<br>• ഐ.ടി.ക്ലബ്<br>• **special educators**<br>• മദർ പി.ടി.എ. | • വിദ്യാലയ വികസന സമിതി<br>• പി.ടി.എ.<br>• ബി.ആർ.സി<br>• മുനിസിപ്പാലിറ്റി | • ഹിന്ദിയിൽ സ്വന്തമായി വാക്യങ്ങൾ തയ്യാറാക്കുന്നതിനും, ദൈനംദിന കാര്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഹിന്ദിയിൽ പറയാനും കുട്ടികളെ പ്രാപ്തരാക്കുക.<br>• ഹിന്ദി ഭാഷയും സാഹിത്യവും പഠിക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ, ഹിന്ദി ഭാഷയുടെ പ്രാധാന്യം എന്നിവ കുട്ടികളെ മനസ്സിലാക്കി കൊടുക്കുക.<br>• കുട്ടികളിലെ കഴിവുകൾ തിരിച്ചറിഞ്ഞ് സ്കൂൾ കലോത്സവ മത്സരങ്ങളിൽ ഹിന്ദി ഇനങ്ങളിൽ പങ്കെടുക്കുന്നതിന് കുട്ടികൾക്ക് ആത്മവിശ്വാസവും, പ്രേരണയും, പിന്തുണയും ഉറപ്പുവരുത്തുക. |

| | | | | | | |
|---|---|---|---|---|---|---|
| 3 | • ആശയവിനിമയം<br>• സാഹിത്യാഭിരുചി<br>• വിശ്വഹിന്ദി ദിനാചരണം<br>• മികവുത്സവം | • പാഠാനുബന്ധ ദൃശ്യ-ശ്രവ്യ അവതരണങ്ങൾ, സിനിമാപ്രദർശനങ്ങൾ ലഘു നാടകങ്ങൾ<br>• അനുഭവാത്മക പഠനം സാധ്യമാകും വിധത്തിലുള്ള പാഠപുസ്തക വിനിമയം<br>• എഴുത്ത് പരീക്ഷകൾ<br>• ഗൂഗിള് ഫോം, വാട്സാപ്പ് അധിഷ്ഠിത ചോദ്യാവലികൾ<br>• സ്വയംവിലയിരുത്തലുകൾ<br>• പാഠഭാഗവുമായി ബന്ധപ്പെടുത്താവുന്ന കല-കായിക-ആരോഗ്യ-തൊഴിൽ ഉദ്ഗ്രഥിത പഠനത്തിന്റെ സാധ്യതകൾ പരിശോധിക്കൽ, ക്ലാസ്സ് തലത്തിൽ നടപ്പിലാക്കൽ<br>• വിശേഷശ്രദ്ധ ആവശ്യമുള്ള കുട്ടികൾക്കായുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ, പരീക്ഷകൾ<br>• കുട്ടികളുടെ നേതൃത്വത്തിൽ ക്ലാസ്സ്തലത്തിലെ എഴുത്ത്, വായന, രചനാ മത്സരങ്ങള്, ദൃശ്യാവിഷ്കാരങ്ങൾ, ലഘുചർച്ചകൾ<br>• വിശ്വഹിന്ദി ദിനാചരണം സംഘടിപ്പിക്കൽ, എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തൽ.<br>• ICT, AI എന്നിവയിൽ അധിഷ്ഠിതമായ പഠനപിന്തുണ പ്രവർത്തനങ്ങൾ<br>• പഠന വിടവ് പരിഹരിക്കൽ<br>• അകാദമിക ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്നതും, പാഠപദ്ധതിക്ക് അനുസൃതവുമായ ദിനാചരണങ്ങളിൽ വിഷയാധിഷ്ഠിതമായ പങ്കുചേരൽ<br>• മികവുത്സവത്തിൽ എല്ലാ കുട്ടികളുടെയും വിഷയാധിഷ്ഠിതമായ സജീവ പങ്കാളിത്തം ഉറപ്പുവരുത്തൽ | ഡിസംബർ - ഫെബ്രുവരി | • ഹിന്ദി അധ്യാപകർ<br>• സ്കൂൾതല സമിതികൾ<br>• ഹിന്ദി ക്ലബ്<br>• ഐ.ടി.ക്ലബ്<br>• special educators<br>• മദർ പി.ടി.എ<br>• മുനിസിപ്പാലിറ്റി | • വിദ്യാലയ വികസന സമിതി<br>• പി.ടി.എ.<br>• ബി.ആർ..സി.<br>• മുനിസിപ്പാലിറ്റി<br>• പൂർവ്വവിദ്യാർത്ഥി സംഘടനകൾ<br>• സന്നദ്ധ സംഘടനകൾ | • ഹിന്ദിയിൽ ആശയവിനിമയം നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.<br>• ഹിന്ദി മത്സരങ്ങൾ, പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള കുട്ടികളുടെ നേതൃത്വ പാടവം വർധിപ്പിക്കുക.<br>• അന്താരാഷ്ട്രതലത്തിൽ ഹിന്ദിഭാഷയുടെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുക.<br>• പഠനലക്ഷ്യങ്ങൾ ആർജിക്കുന്നതിൽ കുട്ടികളുടെ നിലവാരം മനസ്സിലാക്കി അധ്യാപകൻ സ്വയം വിലയിരുത്തുക. ആവശ്യമെങ്കിൽ സന്ദർഭോചിതമായ പുതിയ പഠനതന്ത്രങ്ങൾ ആസൂത്രണം ചെയ്യുക. |

കലാ വിദ്യാഭ്യാസം

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-'26

| നം. | മാസം | പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | പങ്കാളിത്തം |
|---|---|---|---|---|
| 1. | ജൂൺ | • ഇന്ത്യയിൽ നിലനിൽക്കുന്ന തനത് ചിത്രരചനാശൈലികള പരിചയപ്പെടൽ<br>• വിവിധ നിറങ്ങളും അവയുടെ മിശ്രണവും മനസിലാക്കൽ<br>• പ്രകൃതിയുടെ സസൂക്ഷ്മ നിരീക്ഷണം<br>• വ്യത്യസ്ത സംഗീത രീതികളും കലാകാരന്മാരെയും പരിചയപ്പെടൽ | • വാർലി ചിത്രപ്രദർശനം<br>• കുട്ടികൾ അവരവർക്ക് ഇഷ്ടമുള്ള ചിത്രങ്ങൾ വരച്ച് നിറങ്ങൾ നൽകി ക്ലാസ്സുകളിൽ പ്രദർശിപ്പിക്കുന്നു.<br>• സ്കൂളും പരിസരവും ചിത്രീകരിച്ച പ്രദർശിപ്പിക്കുന്നു<br>•<br>• വ്യത്യസ്ത സംഗീത രൂപങ്ങളെയും കലാകാരന്മാരെയും സംബന്ധിക്കുന്ന പ്രസന്റേഷൻ അവതരണം | ക്ലാസ്സ് 09<br>ക്ലാസ്സ് 08<br>ക്ലാസ്സ് 08<br>ക്ലാസ്സ് 08,09, 10<br>ക്ലാസ്സ് 08,09, 10 |
| | | | ജൂലൈ :29-വാൻഗോഗ് ഓർമ്മദിനം<br>ജൂലൈ: 31-കാർട്ടൂണിസ്റ്റ് ശങ്കർ ഓർമ്മദിനം | |

| | | | | |
|---|---|---|---|---|
| 2. | ജൂലൈ | • പ്രശസ്ത കലാ പ്രതിഭകളെ പരിചയപ്പെടുന്നു | • ഈ ദിനങ്ങളിൽ ഈ ചിത്രകലാകാരന്മാരെ പരിചയപ്പെടുത്തിക്കൊണ്ടുള്ള പ്രസന്റേഷൻ അവതരണം<br>• പ്രശസ്ത ചലച്ചിത്രകാരൻ അകിരാ കുറസോവയുടെ വാൻഗോഗിനെക്കുറിച്ചുള്ള ചലച്ചിത്ര പ്രദർശനം | ക്ലാസ്സ് 08,09, 10 |
| 3 | ആഗസ്റ്റ് | • സ്വാതന്ത്ര്യ സമര ചരിത്രത്തേപ്പറ്റിയുള്ള അവബോധം<br>• സംഘ അവതരണത്തിലൂടെ ‘ ഒരുമയോടെ എങ്ങനെ പ്രവർത്തിക്കാം’ എന്ന ആശയം മനസിലാക്കുന്നു | • സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് കുട്ടികൾ പോസ്റ്റർ പ്രദർശനം നടത്തുന്നു.<br>• ഫ്ലാഷ് മോബ് . | ക്ലാസ്സ് 08,09, 10 |
| 4 | സെപ്റ്റംബർ | • അധ്യാപകർ കുട്ടികളെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് തിരിച്ചറിയൽ | സെപ്റ്റംബർ 5 ദേശീയ അധ്യാപക ദിനത്തോടനുബന്ധിച്ച് കുട്ടികൾ അധ്യാപകരോടൊത്തുള്ള ക്ലാസ് റൂം രംഗങ്ങൾ പെൻസിൽ ഡ്രോയിങ് ചെയ്ത് പ്രദർശിപ്പിക്കുന്നു. | ക്ലാസ്സ് 08,09, 10 |
| 5 | ഒക്ടോബർ | • പ്രശസ്ത ഇന്ത്യൻ വ്യക്തിത്വങ്ങളെ പരിചയപ്പെടൽ | ഒക്ടോബർ 02 : ഗാന്ധി ജയന്തി, രാജാ രവിവർമ്മ സ്മൃതി ദിനം<br>---------------------------------------<br>• ഗാന്ധിജിയുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങളുടെ ചിത്രീകരണം കുട്ടികൾ പ്രദർശിപ്പിക്കുന്നു<br>• ലഘുനാടകം<br>• രാജാരവിവർമ്മയും അദ്ദേഹത്തിന്റെ ചിത്രങ്ങളും പ്രസന്റേഷനായി അവതരിപ്പിക്കുന്നു | ക്ലാസ്സ് 08,09, 10 |
| | | | കേരളപ്പിറവിയോട് അനുബന്ധിച്ച് നമ്മുടെ | |

| | | | | |
|---|---|---|---|---|
| 6 | നവംബർ | • തനത് പ്രദേശത്ത് നിലനിൽക്കുന്ന കേരളീയ സാംസ്കാരികതയെ തിരിച്ചറിയൽ | നാട്ടിലെ വിവിധ പ്രദേശങ്ങളിലെ നാടൻപാട്ടുകളുടെ അവതരണം | ക്ലാസ് 08,09, 10 |
| 7 | ഡിസംബർ | • ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കൽ | ഡിസംബർ 14 ഊർജ്ജ സംരക്ഷണ ദിനത്തോടനുബന്ധിച്ച്, പോസ്റ്റർ നിർമ്മാണം | ക്ലാസ് 08,09, 10 |
| 8 | ജനുവരി | • സൗന്ദര്യത്മകമായും താളാത്മകമായും വിവിധ രീതിയിലുള്ള എഴുത്തുകൾ പരിശീലിക്കൽ | ജനുവരി 23: ദേശീയ കൈയ്യക്ഷര ദിനത്തോടനുബന്ധിച്ച് 'കലിഗ്രഫി' വർക്ഷോപ്പ് | ക്ലാസ് 08,09,10 |
| 9 | ഫെബ്രുവരി | • കൂട്ടായി പ്രവർത്തിക്കുക, ദൃശ്യമാധ്യമ സാങ്കേതികവിദ്യകൾ എങ്ങനെ കൈകാര്യം ചെയ്യാം എന്നുമുള്ള കാര്യങ്ങൾ മനസ്സിലാക്കൽ<br>• കവിത ആസ്വാദനശേഷി വർദ്ധിപ്പിക്കൽ | • ഫെബ്രുവരി 11 'സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാ ദിനത്തോട്' അനുബന്ധിച്ച് കുട്ടികൾ ഗ്രൂപ്പായി ഷോർട്ട് ഫിലിം നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു.<br>• ഫെബ്രുവരി 13 ഒഎൻവി കുറുപ്പ് ഓർമ്മ ദിനത്തോടനുബന്ധിച്ച് ഒഎൻവി കവിതകളുടെ ആലാപനവും നൃത്താവിഷ്കാരവും | ക്ലാസ് 08,09, 10 |

# അക്കാദമിക് ലിസ്റ്റ്

- ഭാഷാശേഷി വികസനം
- ഗണിതശേഷം വികസനം
- വായനാശേഷി വർധിപ്പിക്കാൻ
- ശാസ്ത്രപോഷണ പരിപാടി
- ലബോറട്ടറി നവീകരണം
- പ്രതിഭാപോഷണ പരിപാടി
- ലൈബ്രറി ശാക്തീകരണം
- സ്കോളർഷിപ്പ് പരിശീലനം
- കലാപോഷണം
- സാഹിത്യശില്പശാലകൾ
- ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
- ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
- കായികശേഷി വികസനം
- വിലയിരുത്തൽ കാര്യക്ഷമമാക്കൽ
- മുൻകാല-ചോദ്യപേപ്പർ വിശകലനം
- കലാമേളകൾ/ശാസ്ത്രമേളകൾ
- ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കാൻ
- പഠനയാത്രകൾ
- കൗൺസിലിങ്ങ്

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## പ്രശ്നവിശകലനം

| മേഖല: അക്കാദമികം | | | |
|---|---|---|---|
| ലക്ഷ്യം: എല്ലാ വിദ്യാർത്ഥികളുടെയും പഠനനിലവാരം മെച്ചപ്പെടുത്തൽ | | | |
| പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക | വിഷയത്തിന്റെ അധ്യാപകർ | ആഴ്ചയിൽ 3 മണിക്കൂർ | |
| യൂണിറ്റ് ടെസ്റ്റ് പരമാവധി നടത്തുക | വിഷയത്തിന്റെ അധ്യാപകർ | ഓരോ യൂണിറ്റിനും | |
| വിഷയസംബന്ധമായ ക്വിസ് പ്രോഗ്രാമുകൾ നടത്തുക | വിഷയത്തിന്റെ അധ്യാപകർ | മാസത്തിലൊരിക്കൽ | |
| ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുക | ഒരധ്യാപകന് ചാർജ്ജ് നൽകുക | നിരന്തരം | |
| കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് ഉന്നതനിലവാരം പുലർത്തുന്ന കുട്ടികൾക്ക് നേതൃത്വം നൽകി പിയർ ഗ്രൂപ്പ് പഠനം പ്രോത്സാഹിപ്പിക്കുക | ഉന്നതനിലവാരം പുലർത്തുന്ന കുട്ടികൾ | നിരന്തരം | |

| | | | |
|---|---|---|---|
| ഫീൽഡ് വിസിറ്റുകൾ സംഘടിപ്പിക്കുക | എച്ച്.എം., വിഷയ അധ്യാപകർ | വർഷത്തിൽ 2 തവണയെങ്കിലും | |
| ലാബുകളിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുക. | വിഷയത്തിന്റെ അധ്യാപകർ | അനുബന്ധമായ യൂണിറ്റുകൾ പഠിപ്പിക്കുമ്പോൾ | |
| വിഷയത്തിലെ വിദഗ്ദരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുക | എച്ച്.എം. & അധ്യാപകർ | വർഷത്തിൽ 3, 4 തവണ | |
| ഓരോ ടെർമിനൽ പരീക്ഷകളിലും കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികളെ അസംബ്ലിയിൽ അനുമോദിക്കുക, സമ്മാനങ്ങൾ നൽകുക | എച്ച്.എം. | ഓരോ ടെർമിനൽ പരീക്ഷയ്ക്ക് ശേഷവും | |
| **മേഖല: ഭൗതികം** | | | |
| **ലക്ഷ്യം: ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ** | | | |
| **പ്രവർത്തനങ്ങൾ** | **ചുമതല** | **കാലയളവ്** | **സാമ്പത്തികം** |
| മലയാളം വായനമൂല നിർമ്മിക്കുക | മലയാളം അധ്യാപകർ | എത്രയും ചെറിയ കാലയളവിൽ | |
| ക്ലാസ് റൂമുകൾ ഡിജിറ്റൽ റൂമുകളാക്കുക | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | |
| | | | |

| മേഖല: സാമൂഹികം | | | |
|---|---|---|---|
| ലക്ഷ്യം: വിദ്യാർത്ഥികളുടെ പഠനത്തിൽ രക്ഷിതാക്കളുടെ പങ്ക് ഉറപ്പുവരുത്തുക | | | |
| പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
| രക്ഷിതാക്കൾക്കായി ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. അങ്ങനെ വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കികൊടുക്കുക | അധ്യാപകർ | ക്ലാസ് തുടങ്ങുന്ന ആഴ്ചയിൽതന്നെ | |
| പേരന്റ്സ് മീറ്റുകൾക്ക് പ്രാധാന്യം നൽകുക | | ഓരോ ടെർമിനൽ പരീക്ഷയ്ക്കു ശേഷവും | |
| സ്കൂൾ ഡിസിപ്ലിൻ ഉറപ്പാക്കുന്നതിനായി രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുക | | നിരന്തര പ്രക്രിയ | |
| കുട്ടികളിലെ വൈകാരിക ബന്ധങ്ങൾ സുദൃഢമാകുന്നതിന് അധ്യാപകരക്ഷാകർതൃബന്ധം കൂടുതൽ ഊഷ്മളമാക്കുക. അതിനായി ഓരോ കുട്ടിയും കുടുംബആൽബം തയ്യാറാക്കുക. ക്ലാസ് ടീച്ചർ ക്ലാസ് ആൽബവും | അധ്യാപകർ, രക്ഷാ കർത്താക്കൾ, കുട്ടികൾ | | |